പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6180 10.07.2012- ൽ മറുപടിയ്ക്ക്

കോഴിവളർത്തൽ ഗ്രാമങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). | |
| (എ) | ''കോഴിവളർത്തൽ ഗ്രാമങ്ങൾ'' പദ്ധതി എത്ര പഞ്ചായത്തുകളിൽ നടപ്പാക്കിയിട്ടുണ്ട്; പദ്ധതിയുടെ പുരോഗതി അറിയിക്കാമോ ; | (എ) | അറിയിക്കാം. ''കോഴിവളർത്തൽ ഗ്രാമങ്ങൾ'' എന്ന പദ്ധതി ഇതുവരെ 38 പഞ്ചായത്തുകളിൽ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ പദ്ധതി 19 പഞ്ചായത്തുകളിൽ കൂടി നടപ്പാക്കുന്നതിനുള്ള നടപടികൾ തുടരുന്നു. |
| (ബി) | തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ എത്ര പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്; | (ബി) | തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ കുറ്റ്യാട്ടൂർ പഞ്ചായത്തിൽ 2048 ഗുണഭോക്താക്കൾക്ക് ''കോഴിവളർത്തൽ ഗ്രാമ'' പദ്ധതിയും മയ്യിൽ പഞ്ചായത്തിൽ 1000 ഗുണഭോക്താക്കൾക്ക് ''ഗ്രാമം നിറയെ കോഴികൾ'' പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | പദ്ധതി നടപ്പിലാക്കാത്ത മറ്റു പഞ്ചായത്തുകളിൽ അവ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മറ്റു പഞ്ചായത്തുകളിൽ നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ